# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5757** **02.07.2019 ലെ മറുപടി**

## തോടുകൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാൻ പദ്ധതി

**ചോദ്യം**

**ശ്രീ.കെ.ദാസൻ:**

(എ) കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിലെ ഏതെല്ലാം തോടുകൾക്കാണ് പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കാനുള്ള എസ്റ്റിമേറ്റുകൾ മൈനർ ഇറിഗേഷൻ വിഭാഗം തയ്യാറാക്കിയിട്ടുള്ളത്;

(ബി) തോടുകളുടെ പേര്, എസ്റ്റിമേറ്റ് തുക, തൽസ്ഥിതി എന്നിവ കാണിക്കുന്ന വിവരങ്ങൾ പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ;

(സി) വെള്ളപ്പൊക്കം ഉണ്ടാവുന്നതിനെ ലഘൂകരിക്കുന്നതിനായി തോടുകൾ സൈഡ് കെട്ടി സംരക്ഷിക്കാനും ആഴം വർദ്ധിപ്പിക്കാനും ആവശ്യമായ പ്രത്യേക പദ്ധതികൾ ജലവിഭവ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ ഇത്തരം പ്രവൃത്തികൾക്കായി കൂടുതൽ തുക നീക്കി വെച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി**

**കെ. കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) യും (ബി) യും

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തോടുകളുടെ പാർശ്വഭിത്തികൾ കെട്ടി സംരക്ഷണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ വിശദാംശം താഴെ പറയുന്നു.

| ക്രമ നം | തോടുകളുടെ പേര് | തുക | തൽസ്ഥിതി |
|---|---|---|---|
| 1. | കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ തേവർ നിലം തോടിന്റെ സംരക്ഷണം | 24.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 2. | കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ അരീക്കൽത്താഴെ തോടിന്റെ പാർശ്വസംരക്ഷണം | 10.26 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ട് ലഭ്യതക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

(സി) യും (ഡി) യും

വെള്ളപ്പൊക്കം ഉണ്ടാവുന്നതിനെ ലഘൂകരിക്കുന്നതിനായി തോടുകൾ കെട്ടി സംരക്ഷിക്കാനും ആഴം വർദ്ധിപ്പിക്കാനും പ്രത്യേക പദ്ധതികൾ ഒന്നും നിലവിലില്ല. എന്നാൽ നിലവിലുള്ള പദ്ധതികളുടെ പരിപാലനം (2702-01-800-94-00-34-3NV) വെള്ളപ്പൊക്ക നാശം മൂലമുള്ള അറ്റകുറ്റ പണികൾ (2702-03-101-98-3 FD) എന്നീ നോൺ പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കാറുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ ഈ ശീർഷകങ്ങളിൽ 43 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**